പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3090

28.01.2014 ൽ മറുപടിക്ക്

**പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ 2013 ജൂൺ മുതൽ ഓരോ മാസവും എ. പി. എൽ, ബി. പി. എൽ, എസ്. എസ്. കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെ, എത്ര വീതമാണെന്ന് വിശദമാക്കുമോ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) പൊതുവിതരണ കേന്ദ്രങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ എഫ്.സി.ഐ മുതൽ എആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിക്കുകയും ഗുണഭോക്താക്കൾക്ക് ബയോമെട്രിക് അധിഷ്ഠിതമായി റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയായ എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ ചുവടെപറയുന്ന പ്രകാരം 4 മാർഗ്ഗനിർദ്ദേശങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1. റേഷൻഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുക.<br>2. എഫ്.സി.ഐ മുതൽ എആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിക്കുക. |

3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.
4. ഗുണഭോക്താക്കൾക്കായി ഒരു പരാതി പരിഹാര സംവിധാനം തയ്യാറാക്കുക.

ഇതിൽ ആദ്യത്തെ ഘടകമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈലെസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങൾ നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (സി) | പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ സബ്സിഡി ബാങ്കുകളിലൂടെ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഇനം | ജൂൺ-2013 | | ജൂലൈ-2013 | | ആഗസ്റ്റ് -2013 | | സെപ്റ്റംബർ-2013 | | ഒക്ടോബർ-2013 | | നവംബർ-2013 | | ഡിസംബർ-2013 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) | അളവ് (Kg) | വില (രൂപ) |
| എ.പി.എൽ. അരി | 9 | 8.90 | 9 | 8.90 | 9 | 8.90 | 9 | 8.90 | 9 | 8.90 | 10 | 8.90 | 10 | 8.90 |
| എ.പി.എൽ. സബ്സിഡി അരി | 9 | 2 | 9 | 2 | 9 | 2 | 9 | 2 | 9 | 2 | 10 | 2 | 10 | 2 |
| എ.പി.എൽ. ഗോതമ്പ് | 2 | 6.70 | 3 | 6.70 | 3 | 6.70 | 3 | 6.70 | 3 | 6.70 | 0 | 6.70 | 0 | 6.70 |
| എ.പി.എൽ സബ്സിഡി ഗോതമ്പ് | 2 | 2 | 3 | 2 | 3 | 2 | 3 | 2 | 3 | 2 | 0 | 2 | 0 | 2 |
| ബി.പി.എൽ അരി | 25 | 1 | 25 | 1 | 25 | 1 | 25 | 1 | 25 | 1 | 25 | 1 | 25 | 1 |
| ബി.പി.എൽ ഗോതമ്പ് | 5 | 2 | 5 | 2 | 5 | 2 | 5 | 2 | 5 | 2 | 5 | 2 | 5 | 2 |
| പഞ്ചസാര | 400 Gm | 13.5/Kg | 400 Gm | 13.5/Kg | 400 Gm | 13.5/Kg | 400 Gm | 13.5/Kg | 400 Gm | 13.5/Kg | 400 Gm | 13.5/Kg | 400 Gm | 13.5/Kg |
| ആട്ടമാവ് എ.പി.എൽ | 2 | 12 | | 12 | 2 | 12 | 2 | 12 | 2 | 12 | 2 | 12 | 2 | 12 |